**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 503** **25-03-2025 - ൽ മറുപടിയ്ക്ക്**

**ടെക്സ്റ്റൈൽ, കൈത്തറി മേഖലകളുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ടെക്സ്റ്റൈൽ മേഖലയുടെ ഉന്നമനത്തിനും സംരംഭക പ്രോത്സാഹനത്തിനും നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഉദ്ദേശ്യലക്ഷ്യത്തിലേക്ക് എത്തുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്ത് ടെക്സ്റ്റൈൽ മേഖലയുടെ ഉന്നമനത്തിനും സംരംഭക പ്രോത്സാഹനത്തിനുമായി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഇവയുടെ പുരോഗതി സംബന്ധിച്ച കൃത്യമായ അവലോകനങ്ങൾ നടത്തി വരുന്നുമുണ്ട്.<br><br>ടെക്സ്റ്റൈൽ / കൈത്തറി മേഖല നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പ്രസ്തുത മേഖലകളിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും മേഖലയിലെ സ്ഥിതിഗതികൾ മെച്ച പ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനുമായി 29.01.2025-ന് തിരുവനന്തപുരത്ത് ടെക്സ്റ്റൈൽ കോൺക്ലേവ് നടത്തുകയുണ്ടായി. പ്രസ്തുത കോൺക്ലേവിൽ ടെക്സ്റ്റൈൽ മേഖലയിൽ നിന്നും 100 ലധികം സംരംഭകർ പങ്കെടുത്തു. സംസ്ഥാനത്ത് ടെക്സ്റ്റൈൽ മേഖലയിൽ സംരംഭകർക്ക് നിക്ഷേപം നടത്തുവാനുള്ള കൂടുതൽ ആത്മവിശ്വാസവും ദിശാബോധവും നൽകുവാൻ കോൺക്ലേവിലൂടെ സാധ്യമായി.<br><br>സംസ്ഥാനത്ത് ടെക്സ്റ്റൈൽ മേഖലയുടെ ഉന്നമനം ലക്ഷ്യം വെച്ചു കൊണ്ട് ഈ മേഖലയിലെ സ്പിന്നിംഗ് മില്ലുകളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിച്ച് ലാഭത്തിലാക്കുന്നതിന്റെ ഭാഗമായി ടെക്സ്ഫെഡിന് കീഴിലുള്ള മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവയുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തിയായി. ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കൊല്ലം |

സഹകരണ സ്പിന്നിംഗ് മില്ലിൽ എൻ.സി.ഡി.സി സഹായത്തോടെയുള്ള ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾക്ക് നവീകരണ വികസന പദ്ധതി കൾക്കായുള്ള മാസ്റ്റർ പ്ലാനിന്റെ ഭാഗമായി പ്രഭുറാം മിൽസ്, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, ഉദുമ ടെക്സ്റ്റൈൽ മിൽ, കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ എന്നിവയിൽ ഓട്ടോകോണർ മെഷീൻ സ്ഥാപിച്ചു. നിലവിലെ പഴക്കം ചെന്നതും കാലഹരണപ്പെട്ടതുമായ ചില യന്ത്രസാമഗ്രികൾ മാറ്റി സ്ഥാപിക്കുകയുമുണ്ടായി.

കൂടാതെ, ടെക്സ്റ്റൈൽ മേഖലയുടെ വികസനം ലക്ഷ്യം വെച്ച് സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഒരു ഓൺലൈൻ കോമൺ പ്ലാറ്റ്ഫോം രൂപീകരിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നു വരുന്നു.

കേരളത്തിലെ വസ്ത്ര നിർമ്മാണ മേഖലയുടെ പ്രവർത്തന പുരോഗതിക്കായും സ്വയം പര്യാപ്തമാക്കുവാനുമായി കണ്ണൂർ കിൻഫ്ര ടെക്സ്റ്റൈൽ പാർക്കിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് നാട്ടുകാണി ടെക്സ്റ്റൈൽ ഡൈയിംഗ് ആൻഡ് പ്രിന്റിംഗ് സെന്റർ പദ്ധതി.

ടെക്സ്റ്റൈൽ മേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ തുടർച്ചയായ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുവായ പരുത്തിയുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി, പരുത്തി അതിന്റെ വിളവെടുപ്പ് സീസണിൽ തന്നെ അധിക അളവിൽ (Bulk purchase) ന്യായമായ വിലയിൽ വാങ്ങുന്നതിനായി സർക്കാർ കോട്ടൺ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കോട്ടൺ ബോർഡ് മുഖേന പരുത്തി വാങ്ങുന്നതിനായി ഫണ്ട് അനുവദിക്കുകയും സംഭരിച്ച പരുത്തി സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകൾക്ക് വിതരണം ചെയ്തു വരികയുമാണ്. ഇപ്രകാരം ഗുണനിലവാരമുള്ള നൂൽ ഉല്പാദിപ്പിക്കാൻ സാധിക്കുകയും നൂലിന് മെച്ചപ്പെട്ട വില ലഭിക്കുകയും ചെയ്യുന്നു. മില്ലുകളുടെ മറ്റൊരു അസംസ്കൃത വസ്തുവായ പോളിസ്റ്റർ സംഭരണം കൂടി കോട്ടൺ ബോർഡ് മുഖേന നടപ്പാക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ എല്ലാം സ്പിന്നിംഗ് മില്ലുകൾക്ക് പ്രവർത്തന പുരോഗതി കൈവരിക്കുന്നതിനും

| | | | |
|---|---|---|---|
| | | | ടെക്സ്റ്റൈൽ മേഖലയുടെ ഉന്നമനത്തിനും ഏറെ സഹായകരമായിട്ടുണ്ട് |
| (ബി) | വ്യവസായമേഖലയിൽ സംസ്ഥാനത്തുണ്ടായിട്ടുള്ള അനുകൂല സാഹചര്യങ്ങൾ ടെക്സ്റ്റൈൽ, കൈത്തറി മേഖലകളിൽ നിക്ഷേപം വർദ്ധിക്കുന്നതിന് സഹായകമാകുമോ; വിശദമാക്കുമോ; | (ബി) | വ്യവസായ മേഖലയിൽ സംസ്ഥാനത്ത് നിലവിലുള്ള അനുകൂല സാഹചര്യങ്ങൾ ടെക്സ്റ്റൈൽ കൈത്തറി മേഖലകളിൽ നിക്ഷേപം വർദ്ധിക്കുന്നതിന് സഹായകരമാകും.<br><br>സംസ്ഥാനത്ത് ടെക്സ്റ്റൈൽ / കൈത്തറി മേഖലകളിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടെക്സ്റ്റൈൽ കോൺക്ലേവിൽ ടെക്സ്റ്റൈൽ മേഖലയിൽ നിന്നും 100-ലധികം സംരംഭകർ പങ്കെടുക്കുകയുണ്ടായി. സംസ്ഥാനത്തെ ടെക്സ്റ്റൈൽ / കൈത്തറി മേഖലകളിലെ വ്യവസായ അവസരങ്ങളെ ഉപയോഗപ്പെടുത്തി വ്യവസായ സ്ഥാപനങ്ങൾ കൂടുതൽ നിക്ഷേപം നടത്തുന്നതും ഉൽപ്പന്നങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതും നൂതനാശയങ്ങൾ മേഖലയിൽ നടപ്പാക്കുന്നതും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതും സംബന്ധിച്ച് കോൺക്ലേവ് വിശദമായി ചർച്ച നടത്തി. ഇതിലൂടെ സംരംഭകർക്ക് ഈ മേഖലയിൽ നിക്ഷേപം നടത്തുന്നതിനായി കൂടുതൽ ആത്മവിശ്വാസവും ദിശാബോധവും നൽകുവാൻ സാധിച്ചു. വ്യവസായ നിക്ഷേപ അനുകൂല സാഹചര്യം ഉപയോഗപ്പെടുത്തി പുതിയ നിക്ഷേപകരും ഈ മേഖലയിലേയ്ക്ക് കടന്നുവരുവാൻ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്.<br><br>കൂടാതെ, സംസ്ഥാനത്ത് കൈത്തറി മേഖലയിൽ കൂടുതൽ ഉപഭോക്താക്കളെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഉൽപ്പന്നങ്ങൾ കമ്മീഷൻ അടിസ്ഥാനത്തിൽ വിപണനം ചെയ്യുന്നതിന് ഏജൻസി ഷോറൂമുകളെ നിയോഗിക്കുന്നത് പോലുള്ള പ്രവർത്തനം ഹാൻവീവ് ആരംഭിച്ചിട്ടുണ്ട്. ഇത് ഈ മേഖലയിൽ കൂടുതൽ സംരംഭകത്വം ഉറപ്പാക്കുവാൻ സഹായകരമാവും.<br><br>കൈത്തറി നെയ്ത്തു വ്യവസായ രംഗത്ത് തൊഴിൽരഹിതരായ യുവജനങ്ങളെ (18 നും 40 നും മദ്ധ്യേ പ്രായമുള്ള യുവതീ യുവാക്കൾ) ആകർഷിക്കുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങളും സംരംഭങ്ങളും സൃഷ്ടിക്കുന്നതിനും അതു വഴി കൈത്തറി മേഖല കൂടുതൽ വികസിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് യുവവീവ് പദ്ധതി. പദ്ധതിയിലൂടെ സൗജന്യമായി കൈത്തറി നെയ്ത്തു പരിശീലനം നൽകുകയും 6 മാസ പരിശീലന കാലയളവിൽ സ്റ്റൈപന്റും, പരിശീലനം |

| | | | |
|---|---|---|---|
| | | | പൂർത്തിയായവർക്ക് സൗജന്യമായി തറിയും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നു.<br><br>കേരളത്തിന്റെ പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ അതിന്റെ അതുല്യമായ സവിശേഷതകൾ പൊതു സമൂഹത്തിനു അവബോധം നൽകുന്ന രീതിയിൽ അവതരിപ്പിച്ച് ഈ മേഖലയുടെ വളർച്ചക്ക് പുതിയ സാധ്യതകൾ കണ്ടെത്തുക എന്ന ഉദ്ദേശം മുൻനിർത്തിയാണ് ചേന്ദമംഗലം വില്ലേജിൽ സംസ്ഥാന സർക്കാർ ഹാന്റ്ലൂം ഇന്റഗ്രേറ്റഡ് പദ്ധതി ആവിഷ്കരിച്ചത്.<br><br>മേൽ പരാമർശിച്ച പദ്ധതികളിലൂടെയെല്ലാം ടെക്സ്റ്റൈൽ/കൈത്തറി മേഖലയുടെ ഉന്നമനം സാധ്യമാവുന്നതോടൊപ്പം കൂടുതൽ നിക്ഷേപം / സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുവാനും സാധിക്കും. |
| (സി) | കൈത്തറി വ്യവസായരംഗത്ത് നിർമ്മിതബുദ്ധി അധിഷ്ഠിത റിബേറ്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (സി) | കൈത്തറി വ്യവസായ രംഗത്ത് നിർമ്മിത ബുദ്ധി അധിഷ്ഠിത റിബേറ്റ് മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കുന്നതിനായി കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>കൈത്തറി മേഖലയുടെ പുരോഗതിക്കും ക്ഷേമത്തിനുമായി, സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ ഉൽപന്നങ്ങൾക്ക് സർക്കാർ നിശ്ചയിച്ചതും അംഗീകരിച്ചതുമായ ദിനങ്ങളിൽ റിബേറ്റ് അനുവദിച്ച് നൽകുന്ന പദ്ധതി, ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുറ്റമറ്റതായി നടപ്പിലാക്കുന്നതിനായാണ് നിർമ്മിത ബുദ്ധി അധിഷ്ഠിത റിബേറ്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.<br><br>റിബേറ്റ് അപേക്ഷ സമർപ്പിക്കൽ / പരിശോധന, റിബേറ്റ് തുക കണക്കാക്കൽ, ബിൽ പ്രോസസിംഗ്, ബിൽ തുക അംഗീകാരം തുടങ്ങിയ വിവിധ ഘട്ടങ്ങൾ ഈ സിസ്റ്റത്തിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിരിക്കുന്നു. |
| (ഡി) | നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ ആഗോള നിക്ഷേപക ഉച്ചകോടിയുടെ ഭാഗമായ ടെക്സ്റ്റൈൽ കോൺക്ലേവിൽ ഉയർന്നുവന്നിട്ടുള്ള നിർദേശങ്ങൾ ഈ രംഗത്തെ സംരംഭകർക്ക് ഒരു പുത്തൻ ദിശാബോധം നൽകുന്നതിന് സഹായകമാകുമോ; വ്യക്തമാക്കുമോ? | (ഡി) | സഹായകരമാകും.<br><br>കേരളത്തിലെ നിക്ഷേപ സാധ്യതകളെ ദേശീയ-അന്താരാഷ്ട്ര നിക്ഷേപകർക്ക് പരിചയപ്പെടുത്തുന്നതിനായി സർക്കാർ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025-ന്റെ ഭാഗമായി തിരുവനന്തപുരത്ത് ടെക്സ്റ്റൈൽ കോൺക്ലേവ് സംഘടിപ്പിച്ചു. ടെക്സ്റ്റൈൽ /ഹാന്റ്ലൂം മേഖലകളിൽ നിക്ഷേപ സാധ്യതകൾ ആഴത്തിൽ |

| | | | |
|---|---|---|---|
| | | | ചർച്ച ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട നയങ്ങൾ രൂപീകരിക്കുന്നതിനും ഈ കോൺക്ലേവ് ഉപകാരപ്പെട്ടു. ടെക്സ്റ്റൈൽ മേഖലയിലെ നിരവധി പ്രമുഖർ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025ന് മുന്നോടിയായുള്ള ഈ കോൺക്ലേവിൽ പങ്കെടുക്കുകയും അവരുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തുകയും ചെയ്തു. ഇൻവെസ്റ്റ് കേരള ഗ്ലോബർ സമ്മിറ്റ് 2025 ന്റെ ഭാഗമായി നടത്തിയ ടെക്സ്റ്റൈൽ കോൺക്ലേവിൽ നിന്നും ലഭിച്ച ആശയങ്ങളുടെ അവലോകനം വ്യവസായ മന്ത്രിയുടെ നേതൃത്വത്തിൽ നടത്തി വരുന്നു. ടെക്സ്റ്റൈൽ കോൺക്ലേവിൽ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളും ആശയങ്ങളും പരിശോധിച്ച് പ്രസക്തമായവ നടപ്പിലാകുന്നത് ഈ രംഗത്തെ സംരംഭകർക്ക് ഒരു പുത്തൻ ദിശാബോധം നൽകുന്നതിന് സഹായകരമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ